**KVASU/MC/GENERAL/1.7**

(Minutes of the 42nd meeting of the Management Council of KVASU)

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## 42-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്

തീയ്യതി : **27** സെപ്റ്റംബർ **2022**, സമയം : ഉച്ചക്ക് **02.30** മണി
വേദി: പെരിയാർ ഹാൾ, വെറ്ററിനറി & അനിമൽ സയൻസസ് കോളേജ്, പൂക്കോട്, വയനാട്.
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/13650/2022)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
2. ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി - ധനകാര്യ വിഭാഗം പ്രതിനിധി
3. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
4. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
5. ഡോ. കെ. വിജയകുമാർ, ഡീൻ, സി.വി.എ.എസ്., മണ്ണുത്തി.
6. ഡോ. എസ്.എൻ. രാജകുമാർ, ഡീൻ, വി.കെ.ഐ.ഡി.എഫ്.റ്റി., മണ്ണുത്തി.
7. ഡോ. സജിത്ത് പുരുഷോത്തമൻ (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതി നിധി)
8. ഡോ. ലീബ ചാക്കോ (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
9. ശ്രീ. രവിചന്ദ്രൻ.യു. (തിരഞ്ഞെടുക്കപ്പെട്ട അനദ്ധ്യാപക വിഭാഗം പ്രതിനിധി)
10. ശ്രീ. ഷൈജു. കെ. ആർ. (തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)
11. ശ്രീ. തോമസ്. കെ.കെ. (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത കർഷകൻ)
12. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

**സാന്നിധ്യം:**

1. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം)
2. ശ്രീമതി. ഷൈല. പി.എസ്., സർവ്വകലാശാലാ ലോ ഓഫീസർ
3. ശ്രീ. മനോജ്. ടി.ആർ., ഫിനാൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
4. ശ്രീ. ബാലകൃഷ്ണൻ. ടി.പി., ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ്
5. ഡയറക്ടറുടെ പ്രതിനിധി)
6. ശ്രീ. ഷൈജീഷ്. എൻ.വി., സർവ്വകലാശാലാ ലേബർ ഓഫീസർ

യോഗം 02.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

സർവ്വകലാശാലയിലെ പമ്പ് ഓപ്പറേറ്റർ ആയി റിട്ടർ ചെയ്ത ശ്രീ.കെ.ജി.വിൻസെന്റ്, കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസ് ന്യൂട്രീഷൻ ഡിപ്പാർട്ട്മെന്റിൽ പ്രൊഫസർ ആയിരുന്ന പ്രൊഫ. സി.ടി.തോമസ്, സർവ്വകലാശാല മുൻ ലേബർ ഓഫീസർ ശ്രീ.വി.എം.വിജയൻ, വെറ്ററിനറി പബ്ലിക്ക് ഹെൽത്തിൽ പ്രൊഫസർ ആയിരുന്ന പ്രൊഫ. ജോസ്.എം.റ്റി. എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് യോഗം ഒരു മിനിറ്റ് മൗനം ആചരിച്ചു.

അടുത്ത കാലത്ത് സർവ്വകലാശാലക്ക് ലഭിച്ച പ്രധാന നേട്ടങ്ങളും സർവ്വകലാശാലയുടെ പ്രവർത്തനങ്ങളും ചെയർ യോഗത്തെ അറിയിച്ചു. ആയത് ചുവടെ കൊടുക്കുന്നു.

- സർവ്വകലാശാല പെൻഷൻകാർക്കുള്ള സ്മാർട്ട് കാർഡ് വിതരണോദ്ഘാടനം വി.കെ.ഐ.ഡി.എഫ്.ടി സെമിനാർ ഹാളിൽ ജൂൺ 20-ാം തീയതി ബഹു.വൈസ് ചാൻസലർ പ്രൊഫ. ഡോ. എം.ആർ ശശീന്ദ്രനാഥ് നിർവ്വഹിച്ചു.

- അന്താരാഷ്ട്ര യോഗ ദിനം വയനാട് ജില്ലയിലെ വിവിധ സ്കൂൾ/കോളേജുകളിലെ എൻ.സി.സി കേഡറ്റുകളെ ഉൾപ്പെടുത്തി സർവ്വകലാശാല ആസ്ഥാനത്തും മണ്ണുത്തി കാമ്പസിലും സംഘടിപ്പിച്ചു.

- ഒപ്പം പദ്ധതിയുടെ ഭാഗമായി മേപ്പാടി ഗ്രാമപഞ്ചായത്തിലെ വെള്ളപ്പൻകണ്ടി ആദിവാസി ഊരിൽ മൃഗ ആരോഗ്യ സംരക്ഷണ ക്യാമ്പ് സംഘടിപ്പിച്ചു. വയനാട് ജില്ലയിലെ വിവിധ ആദിവാസി പ്രദേശങ്ങളിൽ മൃഗസംരക്ഷണ സംരംഭകത്വ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതുവഴി മെച്ചപ്പെട്ട വരുമാനം കണ്ടെത്താനും അവരെ സഹായിക്കുന്നതാണ് "ഒപ്പം" പദ്ധതി.

- നമ്മുടെ രാജ്യത്ത് ഉന്നതവിദ്യാഭ്യാസം നേടിയ കഴിവുറ്റ ഉദ്യോഗാർത്ഥികൾ കൂടുതൽ വേതനം തേടി മറ്റ് രാജ്യങ്ങളിലേക്ക് പോകുന്നതു മൂലം അവരുടെ സേവനം നമുക്ക് ലഭ്യമാകാതെ പോകുന്നു. കേരള സർക്കാറിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന "Brain Gain Scheme" പദ്ധതി ഇത്തരം Brain drain തടയുന്നതിന് വേണ്ടിയാണ്. ഈ പദ്ധതി മറ്റ് രാജ്യങ്ങളിലെ ഗവേഷണ സ്ഥാപനങ്ങളിലേയും, വ്യവസായ മേഖലകളിലേയും ന്യൂതന സാങ്കേതിക വിദ്യകളും പ്രത്യേക മേഖകളിലെ നൈപുണ്യങ്ങളും കൈവരിക്കുന്നതിന് വേണ്ടി സഹായകമാകുന്ന അദ്ധ്യാപക, ഗവേഷണ നെറ്റ്‌വർക്ക് ഉണ്ടാക്കുന്നതിനും യോജിച്ചു പ്രവർത്തിക്കുന്നതിനും വേണ്ടിയുള്ളതാണ്. പ്രസ്തുത പദ്ധതിയിൽ കേരള വെറ്ററിനറി സർവ്വകലാശാലയുടെ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ സർട്ടിഫിക്കറ്റ് ബഹു.കേരള മുഖ്യമന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി South Dakota State University, USA യിൽ നിന്നുള്ള Alfred Chair Associate Professor ഡോ.മനീഷ.എസ് മോഹന്റെ നേതൃത്വത്തിൽ ചെഡാർ, റിക്കോട്ട ഇനത്തിലുള്ള ചീസുകളുടെ നിർമ്മാണ പരിശീലന പരിപാടി ജൂലൈ 22 മുതൽ 23 വരെ മണ്ണുത്തി വി.കെ.ഐ.ഡി.എഫ്.ടിയിൽ വെച്ച് നടത്തി.

- യൂണിവേഴ്സിറ്റി മെറിറ്റ് ഡേ ആഘോഷം വിപുലമായ പരിപാടികളോടെ 13.07.2022 ന് മണ്ണൂത്തിയിൽ വെച്ച് നടന്നു.

- യു.എൻ.ഡി.പി ഇന്ത്യയും, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ കോഹാർട്ട് സെന്ററും ചേർന്ന് "ഇന്ത്യയുടെ ഹൈറേഞ്ച് ഹിമാലയൻ ആവാസ വ്യവസ്ഥയിൽ ഏകാരോഗ്യ സമീപനം ആവിഷ്ക്കരിക്കൽ" ഉപപദ്ധതിയുടെ ഭാഗമായി ഉത്തരാഖണ്ഡ്, സിക്കിം എന്നിവിടങ്ങളിലെ ഹിമാലയൻ മേഖലകളിൽ ജന്തുജന്യരോഗങ്ങൾ തടയുന്നതിനായുള്ള ബോധവൽക്കരണവും, പരിശീലനവും, വൈദഗ്ധ്യ പരിപോഷണവും ആദ്യഘട്ടം പൂർത്തിയാക്കിയതായി കോഹാർട്ട് ഓഫീസർ ഇൻ ചാർജ് ഡോ.പ്രജിത് അറിയിച്ചു. ഹിമാലയൻ ആവാസ വ്യവസ്ഥയിൽ പേ വിഷബാധ, പക്ഷിപ്പനി, ചെള്ളുപനി, എലിപ്പനി, Brucellosis എന്നീ അഞ്ച് രോഗങ്ങളെ മുൻഗണനാ ഗണത്തിലുൾപ്പെടുത്തി.

- പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർത്ഥിയായ ഡോ. സെറിൻ മേരി (2016 BVSc & AH batch) Food Agricultural Organization അയർലണ്ടിലെ Dublin വെച്ച് നടത്തുന്ന Multi – Stockholder Partnership Meeting ആയ "Livestock Sector actions towards more sustainable food systems" ലേക്ക് തിരെഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിൽ നിന്ന് ഈ പരിപാടിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 2 വിദ്യാർത്ഥികളിൽ ഒരാളാണ് ഡോ. സെറിൻ മേരി.

തുടർന്ന് അജണ്ടകൾ അവതരിപ്പിക്കാൻ രജിസ്ട്രാറെ ക്ഷണിച്ചു.

| | |
|---|---|
| I.1 | Presentation on achievements of the University/Research Achievements of Scientists, if any. |
| **Decision** | No items were presented. |
| I.2 | Elections, if any, to be conducted. |
| **Decision** | No elections to be conducted. |
| I.3 | Answering of questions, if any.<br><br>**<u>ശ്രീ. ഷൈജു. കെ.ആർ. ഉന്നയിച്ച ചോദ്യങ്ങൾ:</u>**<br><br>**ചോദ്യം 1:** 36-ാംമത് ഭരണസമിതി തീരുമാനമായ തൊഴിലാളികളെ സീനിയോറിറ്റി അടിസ്ഥാനത്തിൽ ജോലിക്ക് നിയോഗിക്കുന്നതിന വേണ്ടി പല പല തിയ്യതികളിൽ നടപ്പാക്കുമെന്ന് അറിയിച്ചിട്ടും ആയത് പൂക്കോട് ഫാം അധികൃതർ വിലകൽപ്പിക്കാതെ കൃത്യവിലോപം നടത്തുന്നതിന്റെ കാരണം വ്യക്തമാക്കുക?<br><br>**ഉത്തരം (ചോദ്യം 1) :** റൊട്ടേഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റൊട്ടേഷൻ ലിസ്റ്റ് തുടർ നടപടികൾക്കായി ഹെഡ്, ഐ.എൽ.എഫ്.സി. പൂക്കോട്-ന് നൽകിയിട്ടുണ്ട്. (കത്ത് നം. കെ.വി.എ.എസ്.യു./ജി.എ./എൽ.ഒ./13349/ 21 , തീയതി, 16/09/2022)<br>**തീരുമാനം :** അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ*<br><br>**ചോദ്യം 2:** കോലഹലമേട് ഫാമിൽ പുല്ല് കൊണ്ടുവരുന്നതിനായി വാഹനം (ട്രാക്ടർ) വാങ്ങുന്നതിന് മാനേജ്മെന്റ് കൗൺസിൽ തീരുമാനം എടുത്തിരുന്നു. എന്നാൽ നാളിതുവരെയായിട്ടും നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുക? |

**ഉത്തരം (ചോദ്യം 2) :** വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട് സ്റ്റേഷൻ മേധാവിയിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം ഫോഡറിൽ നിന്ന് ഫാമിലേക്ക് തീറ്റ എത്തിക്കുന്നതിന് വാഹനം വാങ്ങുന്നത് ലാഭകരമല്ലെന്നും മറിച്ച് സ്റ്റേഷനിലെ മറ്റ് പ്രധാനപ്പെട്ട ജോലികൾക്കായി ഒരു പിക്കപ്പ് വാഹനവും എക്സ്കവേറ്ററും വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകണമെന്നും ആയത് ഡ്രൈവർ ഉൾപ്പെടെയുള്ള ഒരു വാഹനത്തിന്റെ വാങ്ങലും അറ്റകുറ്റ പണിയുമായി താരതമ്യപ്പെടുത്തുമ്പോൾ സാമ്പത്തികമായി കൂടുതൽ ലാഭകരമായിരിക്കും എന്നുമാണ് സ്റ്റേഷൻ മേധാവി അഭിപ്രായപ്പെട്ടത്.

പ്രസ്തുത പ്രദേശം ഒരു ചതുപ്പ് പ്രദേശമായതിനാൽ സ്വന്തമായി വാഹനം വാങ്ങുക എന്നതിനെക്കാൾ വാഹനം വാടകയ്ക്കെടുക്കുക എന്നതു തന്നെയാണ് സാമ്പത്തികമായി നല്ലത് എന്നും ഭാവിയിൽ ഫണ്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് വാഹനം വാങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്നും സ്റ്റേഷൻ മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനം :** അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ*

I.4 Motions without notice, if any.

**<u>ശ്രീ. ഷൈജു. കെ.ആർ. ഉന്നയിച്ച അടിയന്തിര പ്രമേയങ്ങൾ.</u>**

**<u>അടിയന്തിര പ്രമേയം: 1</u>**

യൂണിവേഴ്സിറ്റിയുടെ കൈപ്പുസ്തകത്തിലെ അപാകതകൾ പരിഹരിക്കാൻ വേണ്ടി നൽകിയിരുന്ന പരാതികൾക്ക് ഇതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ആയതിനുള്ള പരിഹാര നടപടികൾ എത്രയും പെട്ടന്ന് സ്വീകരിക്കേണ്ടതാകുന്നു.

---

**തീരുമാനം :** പ്രമേയം അംഗീകരിച്ചു. നിലവിലെ അപാകതകൾ പരിഹരിച്ച് ഒരു മാസത്തിനുള്ളിൽ കൈപ്പുസ്കം പുറത്തിറക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ ലേബർ ഓഫീസറെ ചുമതലപ്പെടുത്തി.

*നടപടി: ലേബർ ഓഫീസർ/രജിസ്ട്രാർ*

---

| | |
|---|---|
| | **അടിയന്തിര പ്രമേയം: 2**<br><br>കോളേജ് ഓഫീസ്/ ഡിപ്പാർട്ട്മെന്റുകൾ/ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ വിരമിക്കുമ്പോൾ അതാത് സ്ഥലങ്ങളിൽ ഉടൻ തൊഴിലാളികളെ തന്നെ നിയോഗിക്കേണ്ടതാകുന്നു.<br><br>**തീരുമാനം :** പ്രമേയം അംഗീകരിച്ചില്ല.<br><br>*നടപടി: ലേബർ ഓഫീസർ/രജിസ്ട്രാർ*<br>-----------------------------------------------------------------------<br><br>**അടിയന്തിര പ്രമേയം: 3**<br><br>സ്ഥിരം തൊഴിലാളികളുടെ വാർഷിക ഇൻക്രിമെന്റ് കുടിശ്ശികയിൽ കുറവു ചെയ്ത പണം ഭാഗികമായി മാത്രമാണ് വിവിധ സ്റ്റേഷനുകളിൽ വിതരണം നടത്തിയത്. കൂടിയ തൊഴിൽ ദിനങ്ങൾക്ക് കൂടിയ തുക നൽകിയിട്ടില്ലാത്തതുമാകുന്നു. ആയതിൽ വ്യക്തത വരുത്തുന്നതിനായി നൽകിയ സംഖ്യയുടെ NPS-ലേക്ക് നൽകിയതുക അടക്കമുള്ള വിശദവിവരങ്ങൾ തൊഴിലാളികൾക്ക് രേഖാമൂലം നൽകണമെന്ന് ആവശ്യപ്പെടുന്നു.<br><br>**തീരുമാനം :** പ്രമേയം അംഗീകരിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| I.5 | Motions for change in the order of business, if any. |
| **Decision** | No suggestions have been received. |
| I.6 | Confirmation of minutes of the previous meetings & Action taken report on the minutes, if any. |
| **Decision** | Noted & confirmed. |

| | |
|---|---|
| I.7 | Report of the Board of Management on action taken on the decision of the Management Council. |
| **Decision** | No Report considered. |
| I.8 | Business brought forward by the Board of Management and the Vice Chancellor. |
| **Decision** | No Business brought forwarded. |
| II.1 | DAR - Approval of Results – Reg: |
| **Decision** | Approved. |
| VI.1 | ധനകാര്യം - മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ സർവ്വകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് വിവരങ്ങൾ സമർപ്പിക്കുന്നത്- സംബന്ധിച്ച്. |
| **Decision** | അംഗീകരിച്ചു. |
| VI.2 | ധനകാര്യം - മാനേജ്മെന്റ് കൗൺസിലിന്റെ ഈ യോഗത്തിൽ സർവ്വകലാശാലയുടെ 2016-17 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച് |
| **Decision** | അംഗീകരിച്ചു. |
| VI.3 | ധനകാര്യം - മാനേജ്മെന്റ് കൗൺസിലിന്റെ ഈ യോഗത്തിൽ സർവ്വകലാശാലയുടെ 2017-18 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്. |
| **Decision** | അംഗീകരിച്ചു. |
| VII | Non – Official Resolution<br>**<u>ശ്രീ. ഷൈജു. കെ.ആർ. ഉന്നയിച്ച പ്രമേയങ്ങൾ.</u>**<br>പ്രമേയം 1: 06-11-2019-ലെ സർക്കാർ ഉത്തരവ് No (P) 159/2019/Fin പ്രകാരം ഗവൺമെന്റ് ജീവനക്കാർക്ക് ആൻജിയോ-പ്ലാസ്റ്റി സർജറിക്ക് 30 ദിവസവും, ഹൃദയ ശസ്ത്രക്രിയക്ക് 45 ദിവസവും, 01-04-2009-ലെ സ.ഉ.(P) No.129/09/Fin സർക്കാർ ഉത്തരവ് പ്രകാരം ഗർഭപാത്രം നീക്കം ചെയ്യുന്ന ശസ്ത്രക്രിയക്ക് വിധേയരാകുന്ന വനിതാ ജീവനക്കാർക്ക് 45 ദിവസവും പ്രത്യേക കാഷ്വൽ ലീവ് അനുവദിച്ചു കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ടി. ലീവുകൾ No. ജിഎ/ഫൈ3/879/2018. വെള്ളാനിക്കര, തിയ്യതി 27/04/2020 പ്രകാരം കാർഷിക സർവ്വകലാശാലയിലെയും, സർക്കാർ കൃഷി |

| | |
|---|---|
| | ഫാമുകളിലെയും സ്ഥിരം തൊഴിലാളികൾക്ക് അനുവ-<br>ദിച്ചു നൽകിയിട്ടുള്ളതുപോലെ വെറ്ററിനറി സർവ്വ-<br>കലാശാലയിലെ സ്ഥിരം തൊഴിലാളികൾക്കും കൂടി<br>01-01-2017 മുതൽ മുൻകാല പ്രാബല്യത്തോടെ<br>അനുവദിച്ചു നൽകുവാൻ ഈ മാനേജ്മെന്റ് കൗൺ-<br>സിൽ യോഗം തീരുമാനിക്കുന്നു.<br><br>**റിമാർക്ക്സ്/നോട്സ്:** ആൻജിയോ പ്ലാസ്റ്റി സർജറിയ്ക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിനാൽ നിലവിൽ മേൽ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഹിസ്റ്ററക്ടമിയ്ക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്ന വിഷയം ചേരുന്ന 79–ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.<br>**തീരുമാനം :** അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ*<br>------------------------------------------------------------<br>**പ്രമേയം 2:** 2017-ൽ നിയമനം നൽകിയ ക്യാഷ്വൽ തൊഴിലാളി-<br>കൾക്ക് 5 വർഷമായിട്ടും വളരെകുറഞ്ഞ തൊഴിൽ ദിനങ്ങളാണ്<br>നൽകി വരുന്നത്. വർദ്ധിച്ചു വരുന്ന വിലകയറ്റം മൂലം ജീവിതം<br>മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത ഈ സാഹചര്യത്തിൽ<br>25 ദിവസത്തിൽ കുറയാത്ത തൊഴിൽ ദിനങ്ങൾ നൽകുവാൻ<br>ഈ മാനേജ്മെന്റ് കൗൺസിൽ യോഗം തീരുമാനിക്കുന്നു.<br><br>**റിമാർക്ക്സ്/നോട്സ്:** തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച നൽകുന്നത് ഫാം പ്രവർത്തനങ്ങൾക്കായി കൂടുതൽ ഫണ്ട് അനുവദിച്ച് കിട്ടുന്നത് പ്രകാരം മാത്രം പരിഗണിക്കാനാവുന്ന വിഷയമാണ്.<br>**തീരുമാനം :** നിലവിലെ സാഹചര്യത്തിൽ അംഗീകരിക്കാനാവില്ല എന്ന് തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ* |

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 03.30 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(21/10/2022 തീയതിയിൽ അംഗീകരിച്ചു)*

**//True Copy//**

**SECTION OFFICER - GA/B Section**